# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട* | *11 / 02 / 2020 -ൽ*
*ചോദ്യം നമ്പർ : * 170* | *മറുപടി നൽകേണ്ടത്*

## കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. കെ. കുഞ്ഞിരാമൻ**<br>**ശ്രീ. കെ. ആൻസലൻ**<br>**ശ്രീമതി. യു. പ്രതിഭ** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| (എ) 2020 ആകുന്നതോടെ കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത പൂർത്തീകരിച്ച് ചരക്കുഗതാഗതം സുഗമമാക്കുകയും വിനോദ സഞ്ചാര വ്യവസായത്തിന് കുതിപ്പേകുകയും ചെയ്യുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിനായി നടന്നു വരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ ; | (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന പശ്ചിമതീര കനാലിനെ ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനുള്ള പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കി വരുന്നത് .<br>ഒന്നാം ഘട്ടത്തിൽ കനാലുകൾ ശുചിയാക്കി നിലവിലെ വീതിയിൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് . 2020 ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട ഈ ഘട്ടത്തിലെ പ്രവൃത്തികൾ ലക്ഷ്യത്തോടടുക്കുന്നു .<br>രണ്ടാം ഘട്ടത്തിൽ കൈയ്യേറ്റക്കാരുടെ പുനരധിവാസം, ഭൂമി ഏറ്റെടുക്കൽ, കനാലിന്റെ വീതികൂട്ടൽ മുതലായ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 2022 ഓട് കൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് .<br>മൂന്നാം ഘട്ടം 2025 ൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ഘട്ടത്തിൽ ജലപാതയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി ദേശീയ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | ഇതിൽ ദേശീയ ജലപാതയായി പ്രഖ്യാപി ച്ചിട്ടുള്ള കനാലുകളുടെ പ്രവൃത്തി നിർവ്വഹണ ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നടത്തുന്ന പ്രവൃത്തികൾ അവലോകനം ചെയ്യുന്നുണ്ടോ ; | (ബി) | അവലോകനം ചെയ്യുന്നു. |
| (സി) | ഈ പദ്ധതിക്കായി കിഫ്ബി വഴി ഏറ്റെടുത്തു നടത്താൻ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളെ ക്കുറിച്ചും അവയുടെ പുരോഗതിയും അറിയി ക്കാമോ ; | (സി) | കോവളം - ബേക്കൽ ജലപാത പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബി വഴി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. 66 കോടി രൂപ മുതൽ മുടക്കുള്ള പാർവ്വതി പുത്തനാർ(കോവളം-ആക്കുളം) നവീകരണം.<br>2. മാഹി പുഴയേയും വളപട്ടണം പുഴയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൃത്രിമ ജലപാതകളുടെ നിർമ്മാണത്തിനായുള്ള 680 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതി .<br>പാർവ്വതീ പുത്തനാറിന്റെ ആക്കുളം മുതൽ പനത്തുറ വരെയുള്ള ഭാഗത്തെ ശുചീകരണം ആദ്യഘട്ടമായി പൂർത്തീകരിച്ചിട്ടുണ്ട്. ഈ റീച്ചിൽ 14 കി. മീ. ഭാഗം ഗതാഗത യോഗ്യമാണ്. മാഹി വളപട്ടണം റീച്ചിൽ 26 കി.മീ. പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്. കനാലുകളുടെ അലൈൻ മെന്റ് തീർപ്പാക്കുകയും ലാന്റ് അക്വിസിഷൻ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം റീച്ചിലെ അതിർത്തി കല്ലിടുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |
| (ഡി) | കൊച്ചി മെട്രോ റെയിൽ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള കൊച്ചി വാട്ടർ മെട്രോയുടെ നിലവിലെ സ്ഥിതി അറിയി ക്കാമോ ? | (ഡി) | കൊച്ചി വാട്ടർമെട്രോ പദ്ധതിക്കുവേണ്ടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. 14 ടെർമിനലുകൾക്കുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുള്ള താണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ഏറ്റെടുപ്പ് ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഈ പദ്ധതിക്കുവേണ്ടി 23 ബോട്ടുകളുടെ നിർമ്മാണം കൊച്ചി കപ്പൽശാല യിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ